**കേരള സർക്കാർ**

**സംഗ്രഹം**

പട്ടാളം റോഡ് വികസനം - തൃശ്ശൂർ നഗരസഭയുടെ അധീനതയിലുള്ള ഭൂമിയും തപാൽ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയും പരസ്പരം കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3264/2018/ത.സ്വ.ഭ.വ    തീയതി, തിരുവനന്തപുരം : 29 .12 .2018

പരാമർശം :- 1. തൃശ്ശൂർ നഗരസഭ കൗൺസിലിന്റെ 19.08.2014 ലെ 66-ാം നമ്പർ തീരുമാനം.
2. തൃശ്ശൂർ നഗരസഭ സെക്രട്ടറിയുടെ 15.01.2016, 11.09.2017, 13.11.2018, 18.12.2018 തീയതികളിലെ PW6-25503/02 നമ്പർ കത്തുകൾ.
3. തൃശ്ശൂർ നഗരസഭ മേയറുടെ 10.10.2018 ലെ PW6-25503/02 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ നഗരസഭാ പ്രദേശത്ത് പ്രധാന ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പട്ടാളം റോഡിന്റെ വികസനത്തിനായി അക്വിസിഷൻ വഴി ഭൂമി കണ്ടെത്തി 25 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ചിട്ടുണ്ട് എങ്കിലും, മുനിസിപ്പൽ റോഡും പട്ടാളം റോഡും തമ്മിൽ ചേരുന്ന സ്ഥലത്ത് കേവലം 10 മീറ്റർ വീതി മാത്രമേ ഉള്ളൂ എന്നും ടി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പോസ്റ്റ് ഓഫീസ് കെട്ടിടവും 16.5 സെന്റ് സ്ഥലവും കൂടി ലഭ്യമായാൽ മാത്രമേ റോഡ് വികസനം നടത്തി സുഗമമായ ഗതാഗതം ഉറപ്പാക്കാൻ സാധ്യമാകുകയുള്ളൂ എന്നും, 01.10.2015 ൽ നഗരസഭയും തപാൽ വകുപ്പും തമ്മിൽ ഒപ്പുവച്ച കരാറിലെ വ്യവസ്ഥ അനുസരിച്ച് ഇപ്പോൾ പോസ്റ്റ് ഓഫീസ് സ്ഥിതിചെയ്യുന്ന 16.5 സെന്റ് ഭൂമിക്ക് പകരം കോർപ്പറേഷൻ വക 16.5 സെന്റ് ഭൂമി തപാൽ വകുപ്പിന് നൽകേണ്ടതുണ്ടെന്നും തപാൽ വകുപ്പിന്റെ 16.5 സെന്റ് വസ്തുവും കെട്ടിടവും പട്ടാളം റോഡ് വികസനത്തിനായി, പൊതു താല്പര്യാർത്ഥം കോർപ്പറേഷന് കൈമാറുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചതായി തപാൽ വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും തൃശ്ശൂർ നഗരസഭ സെക്രട്ടറി പരാമർശം (2)ലെ കത്തുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

2. തൃശ്ശൂർ നഗരസഭാ പരിധിയിലെ പട്ടാളം റോഡിന്റെ വികസനത്തിനായി, തപാൽ വകുപ്പിന്റെ അധീനതയിലുള്ളതും നിലവിൽ പോസ്റ്റ് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നതുമായ 16.5 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനും അതിന് പകരമായി നഗരസഭയുടെ അധീനതയിലുള്ള 16.5 സെന്റ് സ്ഥലം തപാൽ വകുപ്പിന് നൽകുന്നതിനും പരാമർശം (1) പ്രകാരം തൃശ്ശൂർ നഗരസഭ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. ടി വസ്തു പരസ്പര കൈമാറ്റത്തിന് അനുമതി ആവശ്യപ്പെട്ട് പരാമർശം (2), (3) പ്രകാരം തൃശ്ശൂർ നഗരസഭ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി .

3. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പട്ടാളം റോഡിൽ സുഗമമായ ഗതാഗതം ഉറപ്പാക്കുന്നതിനായി, പട്ടാളം റോഡ് വികസനത്തിന് ആവശ്യമായതും നിലവിൽ പോസ്റ്റ് ഓഫീസ് കെട്ടിടം സ്ഥിതി

ചെയ്യുന്നതുമായ, തപാൽ വകുപ്പിന്റെ അധീനതയിലുള്ള തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ വില്ലേജ്, സർവ്വെ നമ്പർ 1212/1 ൽപ്പെട്ട 16.5 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് പകരമായി, തൃശ്ശൂർ നഗരസഭയുടെ അധീനതയിലുള്ള, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ വില്ലേജ്, സർവ്വെ നമ്പർ 1236 ൽപ്പെട്ട 0.1862 ഹെക്ടർ വസ്തുവിൽ നിന്നും 16.5 സെന്റ് സ്ഥലം തപാൽ വകുപ്പിന് വിട്ടുനൽകുന്നതിന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 215 (1) പ്രകാരം തൃശ്ശൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മുഹമ്മദ് റിയാസ്**
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചെയർമാൻ / സെക്രട്ടറി, തൃശ്ശൂർ നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എൽ.ബി.എ / എ & ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ